കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തിരൂർ ബ്ലോക്ക്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: ddlfampm@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.4/2533/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി.05/12/2017

സീനിയർഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

തിരൂർ ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം : തിരൂർ ബ്ലോക്ക്പഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക്പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), മലപ്പുറം.

3)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പെർഫോർമൻസ് ഓഡിറ്റ്), മലപ്പുറം.
4)കാര്യാലയ പകർപ്പ്.

എബികെ 12/17

നം. കെ.എസ്.എ.എം.പി.എം.4/2533/2017

തിയ്യതി:05/12/2017

മലപ്പുറം ജില്ലയിലെ തിരുർബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 02.3.2017 മുതൽ 16.11.2017തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ (31.102017വരെ)എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. വി.കെ.ഷാജി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 17.11.2017മുതൽ 25.11.2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീമതി.ടി.പി.സൽമത്ത് | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സിന്ധു.ഐ. | സീനി.ഗ്രേ.ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി ആർ.കെ.ഹഫ്സത്ത് | 01.04.2016മുതൽ 31.03.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ ജയ്.പി.ബാൽ | 01.04.2016മുതൽ 12-06-16വരെ |

| | |
|---|---|
| ശ്രീആർ.ബാലചന്ദ്രൻ നായർ | 13-06-2016മുതൽ 28-07-2016വരെ |
| ശ്രീഎസ്.സെയ്ഫുദ്ദീൻ | 28-07-2016മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| ശിശുവികസന ഓഫീസർ | ശ്രീമതി.ഗീത.എസ് | 01-04-2016 മുതൽ 31-05-2016 വരെ |
| | ശ്രീമതി.സാവിത്രി.പി(സൂപ്പർവൈസർ ഇൻ ചാർജ്ജ്) | 1-06-2016 മുതൽ 15-07-2016 വരെ |
| | ശ്രീമതി.ജയഭാരതി.വി. | 16-07-2016മുതൽ 31.03.2017 |
| കൃഷി അസി.ഡയറക്ടർ | ജെമോൻ ജോസഫ് | 01-04-2016മുതൽ 31-03-2017 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീമതി.സിമി.കെ.ഇ | 1-4-2016 മുതൽ 14.02-2017 വരെ |
| | ശ്രീമതി.രജിത കൃഷ്ണൻ | 15-2-17 മുതൽ 22-2-17 വരെ |
| | ശ്രീ.വേലായുധൻ | 23-2-17 മുതൽ 31-3-17 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.പി.ശ്രീകണ്ഠൻ | 01.04.2016 മുതൽ 24.07.2016വരെ |
| | ശ്രീ.അബ്ദുൾ മെഹ്റൂഫ്.എച്ച്.പി. | 25.7.2016മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.വെട്ടം) | ഡോ.സി.മുജീബ് റഹ്മാൻ | 01-04-2016 മുതൽ 31-03-2017 വരെ |

| | | |
|---|---|---|
| അസി.എക്സി.എഞ്ചിനീയർ | നിക്കാഷ്യസ്.എൽ | 01-04-2016മുതൽ 17-12-2016 വരെ |
| | സന്തോഷ്.എം.പി.(ഫുൾ അഡീഷണൽ ചാർജ്ജ്) | 18-12-2016 മുതൽ 23.01.2017വരെ |
| | സി.പി.സുബ്രഹ്മണ്യൻ(ഫുൾ അഡീഷണൽ ചാർജ്ജ്) | 23.1.2017 മുതൽ07.3.2017വരെ |
| | ഷൈനി ജോർജ്ജ് | 08.3.2017മുതൽ31.3.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല | 2-1 | |
| 13 | വാടക കരാർ പുതുക്കിയിട്ടില്ല | 2-2 | |
| 14 | മാന്വൽ സാംഖ്യാ രശീതികളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 2-3 | |

| | | | |
|---|---|---|---|
| 15 | വാടകക്ക് നൽകിയ കെട്ടിടങ്ങൾ - നടപടിക്രമം പാലിക്കപ്പെടുന്നില്ല | 2-4 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 16 | പദ്ധതി രൂപീകരണത്തിൽ വ്യവസ്ഥാപിത നടപടിക്രമം പാലിക്കപ്പെടുന്നില്ല | 3-1 | |
| 17 | ടെൻഡർ ഷെഡ്യൂൾ നില ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാക്കുന്നില്ല | 3-2 | |
| 18 | മരുന്നുകൾ ലഭിച്ചില്ല | 3-3 | |
| 19 | പുറത്തൂർ, വെട്ടം CHCകളിലേക്ക് റീ - ഏജന്റ്സ്, കെമിക്കൽസ് വാങ്ങൽ - അപാകതകൾ | 3-4 | |
| 20 | പുറത്തൂർ CHCക്ക് സോളാർ പാനൽ - അപാകതകൾ | 3-5 | |
| 21 | വെട്ടം CHCയിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ , ഇൻസിനറേറ്റർ നന്നാക്കൽ - അപാകതകൾ | 3-6 | |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല | 3-7 | |
| 23 | പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാർത്ഥികൾക്ക് Pre-Recruitment training, Security staff training – ജോലി ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല | 3-8 | |
| 24 | പട്ടികജാതി യുവാവിന് വിദേശ സന്ദർശനത്തിന് ധനസഹായം അനുവദിച്ചത് ക്രമ പ്രകാരമല്ല | 3-9 | |
| 25 | വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല | 3-10 | |
| 26 | ശിശു വികസന പദ്ധതി ഓഫീസർ നടപ്പിലാക്കിയ പ്രൊജക്ടുകൾ - വിശദ വിവരങ്ങൾ ലഭ്യമാക്കിയില്ല | 3-11 | |
| ഭാഗം IV – ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 18 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 19 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് | 4-2 | |

| | | | |
|---|---|---|---|
| | വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | | |
| 20 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 21 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 22 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 23 | ഓഡിറ്റ് റിക്കവറി | 4-6 | |
| 24 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 25 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 26 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17ലെ ബജറ്റ് 04.06.2016ലെ 1-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31.7.2017 | 03.08.2017 | ----- | ----- |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | കണക്കുകൾ പരിശോധിച്ചത് | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2016-17 | 22,23/11-17 | ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

വാർഷികകണക്കിലെ അപാകതകൾ

1. 2011ലെ കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ 57,58 എന്നിവ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല.

2. മുൻ വർഷത്തിലും ഓഡിറ്റ് വർഷത്തിലും വിവിധ വാങ്ങലുകൾ നടത്തിയിട്ടുണ്ടെങ്കിലുംവാർഷികകണക്കുകളിൽ ,(ബാലൻസ് ഷീറ്റ്) closing stock രേഖപ്പെടുത്തിയിട്ടില്ല.

3.2016-17 വർഷത്തിൽ ആർജ്ജിച്ച ആസ്തികൾ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4.വാടക ഇനത്തിലുള്ള വരവ് തുകകളിൽ AFSലെയും ബന്ധപ്പെട്ട രജിസ്റ്ററിലെയും തുകകൾ തമ്മിൽ ചുവടെ കൊടുത്തിരിക്കും പ്രകാരം വ്യത്യാസം കാണുന്നു.

| | | രജിസ്റ്റർ പ്രകാരം തുക | AFSപ്രകാരം തുക |
|---|---|---|---|
| ഡിമാന്റ് | കുടിശ്ശിക | 91,424 | - |
| | തൻവർഷം | 84,840 | - |
| കലക്ഷൻ | കുടിശ്ശിക | 91,424 | 22,100 |
| | തൻവർഷം | 45,516 | 1,18,816 |
| ബാലൻസ് | കുടിശ്ശിക | - | 7,200 |
| | തൻവർഷം | 39,324 | 1,18,816 |

5.Pre-paid expensesഇനത്തിൽ 31-3-17ന് 9,64,812 രൂപയും Tour TA Advznce, Advance to other authorised agencies എന്ന ഇനങ്ങളിൽ യഥാക്രമം 4,000, 9,120 രൂപയും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല. ടി തുകകൾ മുൻ വർഷ വാർഷികകണക്കുകളിൽ നിന്ന് carry over ചെയ്ത് വന്നിട്ടുള്ളവയാണ്.

6. നിക്ഷേപ – മുൻകൂർ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.
7.സാംഖ്യ അടിസ്ഥാനത്തിലുള്ള വൗച്ചറുകളിലായിട്ടല്ല ചെലവുകൾ സമർപ്പിച്ചിരിക്കുന്നത്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 34122811 |
| വരവ് | 85143319 |
| ആകെ | 119266130 |
| ചെലവ് | 74108529 |
| നീക്കിയിരുപ്പ് | 45157601 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 32163193 | 32163193 | 19564835 | 12598358 | 60.83 |
| വികസനഫണ്ട് എസ്.സി.പി. | 0 | 10072215 | 10072215 | 4391089 | 5681126 | 43.6 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 73956 | 73956 | 73956 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4529181 | 4529181 | 4529181 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 0 | 0 | 0 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | | | | | |
| എം. ജി. എൻ. ആർ. ഇ. ജി. എസ്. | 0 | | | | | |
| ബി ഫണ്ട് | 0 | | | | | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 73 | 124764833 | 57 | 28697061 | 5 | 11 | 78.0 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻ വർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 0 | 0 | 0 | 0 |
| നികുതിയേതര വരവുകൾ | 62600 | 160485 | 97885 | 156% |
| മറ്റുവരവുകൾ | 0 | 0 | 0 | 0 |
| ആകെ | 62,600 | 160485 | 97885 | 156% |

## 1-8 ക്ഷേമപദ്ധതികൾ

ക്ഷേമപദ്ധതികൾ ;

ഇല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

കാഷ് ബാലൻസ് ഇല്ല. പിരിച്ചെടുത്ത തുക അതാതു ദിവസം തന്നെ ബാങ്കിൽ അടക്കുകയാണ് ചെയ്യുന്നത്.

## 1-10 ആഭ്യന്തരനിയന്ത്രണം.

വരവ് ഇനങ്ങളുമായും ചെലവ് ഇനങ്ങളുമായും ബന്ധപ്പെട്ട രജിസ്റ്ററുകൾ എല്ലാം കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. പിരിവ് തുകകൾ അതാത് ദിവസം തന്നെ ബാങ്കിൽ അടവാക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 1-4-2017 to 31-4-2017 | 2016-17 | 2-5-17 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-6-2014 to 24-6-14 | 1-7-2013 to 31-5-2014 | 12-09-14 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിൻെറ താഴെ പറയുന്ന കെട്ടിടങ്ങളുടെ2016-17വർഷത്തെ വാടക കുടിശ്ശിക അടവാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിൻെറപേര് | പ്രതിമാസ വാടക | വാടക അടവാക്കാനുള്ളത് |
|---|---|---|---|
| 1 | ഐശ്വര്യ(എസ്എച്ച്.ജി).കാൻറീൻ) | 1270 | 3750 |
| 2 | വില്ലേജ് ഹാറ്റ് | 1000 | 12000 |
| 3 | ലീഗൽമെട്രോളജി തിരൂർ സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് | 2742 | 13710 |
| | | ആകെ | 29,460/- |

മേല്പറഞ്ഞ അപാകത ഓഡിറ്റ് എൻക്വയറി (നം.1/22.11.2017)പ്രകാരം അറിയിച്ചിട്ടുണ്ട്.മറുപടി ലഭ്യമാക്കിയിട്ടില്ല.വാടക കുടിശ്ശിക ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 വാടക കരാർ പുതുക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിലെ താഴെ പറയുന്ന കെട്ടിടങ്ങളുടെ വാടക കരാർ 2016-17 വർഷത്തിൽ പുതുക്കി നല്കിയിട്ടില്ല.

1.റേഷൻകട

2.ലീഗൽമെട്രോളജി തിരൂർസർക്കിൾ ഇൻസ്‌പെക്ടർ ഓഫീസ്

മേല്പറഞ്ഞ അപാകത ഓഡിറ്റ് എൻക്വയറി(നം.1/22.11.2017)പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കരാർ പുതുക്കി നല്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 മാന്വൽ,സാംഖ്യ രശീതികളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതു സംബന്ധിച്

ബ്ലോക്ക് പഞ്ചായത്തിൽ 2016-17 വർഷം മാന്വൽ,സാംഖ്യ സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.സാംഖ്യ രശീതികളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതു കാരണം ലഭിച്ച സ്റ്റേഷണറി,ഉപയോഗിച്ച സ്റ്റേഷണറി എന്നിവയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.02.3.2017 മുതൽ 16.11.2017വരെയുള്ള മാന്വൽരശീതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.ഡേ ബുക്ക് എല്ലാദിവസത്തെയും കോപ്പിയെടുത്ത് സൂക്ഷിച്ചിട്ടില്ല.

മേല്പറഞ്ഞ അപാകതകൾ ഓഡിറ്റ് എൻക്വയറി(നം.3/23.11.2017) പ്രകാരം അറിയിച്ചിട്ടുണ്ട്.മറുപടി ലഭ്യമാക്കിയിട്ടില്ല.2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രസ്തുത അപാകത പരാമർശിച്ചിട്ടും 2016-17വർഷം ടി അപാകത തുടരുന്നത് ഓഡിറ്റ് ഗൗരവമായി വീക്ഷിക്കുന്നു.

## 2-4 വാടകക്ക് നൽകിയ കെട്ടിടങ്ങൾ - നടപടിക്രമം പാലിക്കിക്കപ്പെടുന്നില്ല

ബ്ളോക്ക് പഞ്ചായത്ത് നിർമ്മിച്ച ചുവടെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾ വർഷങ്ങളായി വാടകക്ക് നൽകിയിട്ടുള്ളവയാണ്. ബ്ളോക്കിൽ സൂക്ഷിച്ചിട്ടുള്ള വാടക രജിസ്റ്റർ പ്രകാരം അവയിൽ നിന്നും ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള തുകകളാണ് ഈടാക്കാൻ നിശ്ചയിച്ചിട്ടുള്ളതായി കാണുന്നത്.

| വാടകക്കാർ | നിശ്ചയിച്ച തുക |
|---|---|
| ഐശ്വര്യ SHG(കാന്റീൻ) | 14,520 |
| സമൃദ്ധി SHG (പലചരക്ക് കട) | 10,896 |
| റേഷൻ ഷോപ്പ് | 14,520 |
| തലക്കാട് കൃഷി ഓഫീസർ(വില്ലേജ് ഹട്ട്) | 12,000 |
| ലീഗൽ മെട്രോളജി | 32,904 |

ഓഡിറ്റിന് ലഭ്യമാക്കിയ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള അപാകതകൾ കാണുന്നു.

1. മേൽ സ്ഥാപനങ്ങളിൽ ഐശ്വര്യ SHG, സമൃദ്ധി SHG, വില്ലേജ് ഹട്ട് എന്നിവ ഒഴികെയുള്ളവ 2016-17 വർഷത്തിൽ ബ്ളോക്ക് പഞ്ചായത്തുമായി കരാർ ചമച്ചിട്ടില്ല.

2.2015-16 വർഷത്തിൽ കാന്റീൻ കെട്ടിടം 1-4-15തീയതി മുതൽപ്രാബല്യത്തിൽ 11 മാസത്തേക്ക് കരാർ വെച്ചിട്ടുണ്ട് (കരാർ തീയതി: 19-5-15). ആയത് പ്രകാരം 1-3-16 മുതൽ കരാർപുതുക്കേണ്ടതായിരുന്നു എങ്കിലും 2016-17 വർഷത്തിൽ 10-6-16 തീയതി മുതൽ പ്രാബല്യത്തിലാണ് കരാർ പുതുക്കിയിട്ടുള്ളത്. 1-3-16 മുതൽ 9-6-16 വരെ കരാർ ഇല്ലാതെയാണ് ടി സ്ഥാപനം പ്രവർത്തിച്ചിട്ടുള്ളത്.

3. മേൽ പട്ടികയിൽ പരാമർശിച്ച പ്രകാരം വാടക ഡിമാന്റ് ചെയ്യുന്നുണ്ടെങ്കിലും ആയത് സംബന്ധിച്ച് ബ്ളോക്ക് പഞ്ചായത്ത് ഭരണ സമിതി തീരുമാനങ്ങളെടുത്തതായി മിനട്സ് പരിശോധിച്ചതിൽ കാണുന്നില്ല. 5% നിരക്കിൽ ഓരോ വർഷവും വാടക വർദ്ധിപ്പിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട സെക്ഷൻ കൈകാര്യം ചെയ്യുന്ന ജീവനക്കാരൻ അറിയിച്ചിട്ടുണ്ടെങ്കിലും ആയത് ഭരണ സമിതിയുടെ അംഗീകാരത്തോടെയല്ലെന്ന് കാണുന്നു. ബ്ളോക്കിന്റെ

ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകുമ്പോൾ വാടക സംബന്ധിച്ച കാര്യങ്ങൾ തീരുമാനിക്കുന്നതിൽ ഭരണസമിതിക്ക് യാതൊരു പങ്കും ഇല്ലെന്നാണ് നിലവിലുള്ള രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നത്.

4. മാസങ്ങൾ വൈകിയാണ് മേൽ സ്ഥാപനങ്ങൾ പലതും മാസ വാടക അടവാക്കുന്നത് എങ്കിലും അവരിൽ നിന്നും പലിശ ഈടാക്കുന്നില്ല.

വാടക്ക് നൽകപ്പെട്ട കെട്ടിടങ്ങളെ സംബന്ധിച്ച് നിയമാനുസൃതം സ്വീകരിക്കേണ്ട നടപടിക്രമം പാലിക്കപ്പെടാത്ത് അത്യന്തം ഗൗരവമായി കാണേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പദ്ധതി രൂപീകരണത്തിൽ വ്യവസ്ഥാപിത നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

തദ്ദേശ ഭരണ സ്ഥാനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണത്തിന് സമയക്രമം നിശ്ചയിച്ചും സുതാര്യതയും ജനപങ്കാളിത്തവും വർദ്ധിപ്പിക്കാൻ വ്യവസ്ഥാപിതമായ നടപടിക്രമങ്ങളും പദ്ധതി മാർഗ്ഗരേഖകളിൽ വിശദീകരിക്കുന്നുണ്ട്. പുന:സംഘടിപ്പിച്ച വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മറ്റികളും പദ്ധതി രൂപീകരണ-നിർവ്വഹണ-മോണിറ്ററിംഗ് ഘട്ടങ്ങളിൽ നിർവ്വഹിക്കേണ്ട ചുമതലകൾ വ്യക്തമാക്കിയതും ഗ്രാമസഭകൾ, വികസന സെമിനാർ എന്നിവയുടെ നടത്തിപ്പിൽ പാലിക്കേണ്ട നടപടികളും പദ്ധതി മാർഗ്ഗരേഖകളിൽ ആവർത്തിച്ച് വ്യക്തമാക്കിയതാണ്. എന്നാൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ 2016-17 വർഷത്തിലും കാര്യമായ പുരോഗതി കൈവരിക്കാനായിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു

1.വർക്കിംഗ് ഗ്രൂപ്പുകൾ:

മുൻവർഷ പ്രോജക്ടുകളുടെയും സ്ഥിതിവിവര കണക്കുകളുടേയും അടിസ്ഥാനത്തിൽ നിർദ്ദിഷ്ട പ്രഫോർമയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതും പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തുന്നതിന് കരട് നിർദ്ദേശങ്ങൾ തയ്യാറാക്കി പ്രോജക്ട് രൂപീകരണത്തിൽ സ്റ്റാൻഡിംഗ് കമ്മറ്റികൾക്ക് ഉപദേശങ്ങൾ നൽകുന്നതും സാമ്പത്തിക - സാങ്കേതിക ക്ഷമതയുള്ളതും നിയമാനുസൃതവുമായ പ്രോജക്ടുകൾ നിശ്ചിത പ്രഫോർമയിൽ തയ്യാറാക്കുന്നതും അംഗീകരിച്ച് നടപ്പിലാക്കിയ പ്രോജക്ടുകളുടെ മോണിറ്ററിംഗും വർക്കിംഗ് ഗ്രൂപ്പുകൾകളുടെ ചുമതലയാണ്. ബ്ലോക്ക് പഞ്ചായത്തിൽ 2016-17 വർഷത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ ജനറൽബോഡി യോഗത്തിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്നിട്ടില്ല. ബന്ധപ്പെട്ട മിനട്സ് പുസ്തകങ്ങൾ പരിശോധിച്ചതിൽ ജനറൽ ബോഡിയോഗത്തിൽ നിന്നുമുണ്ടായ നിർദ്ദേശങ്ങൽ എവിടെയും രേഖപ്പെടുത്തിയിട്ടില്ല. 12 വർക്കിംഗ് ഗ്രൂപ്പുകൾ ഗ്രൂപ്പടിസ്ഥാനത്തിലിരുന്ന് തയ്യാറാക്കിയ നിർദ്ദേശങ്ങൾ യോഗത്തിൽ അവതരിപ്പിച്ചതായി രേഖപ്പെടുത്തുന്നുണ്ടെങ്കിലും മിനിട്സിൽ എഴുതിയിട്ടില്ല. ഇതിനു മുന്നോടിയായി വിവിധ മേഖലയിലുമായി ബന്ധപ്പെട്ട സ്ഥിതി കണക്കുകൾ ശേഖരിച്ച് അവസ്ഥാ വിശകലന റിപ്പോർട്ട് തയ്യാറാക്കിയതിന് രേഖകളില്ല. കരട് പ്രോജക്ട് നിർദ്ദേശങ്ങൾ കൃത്യമായ ഡാറ്റയുടെ അടിസ്ഥാനത്തിലോ താഴെത്തട്ടിൽ നിന്നുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലോ അല്ലാതെ തയ്യാറാക്കിയതായാണ് രേഖകളിൽ നിന്നും മലസ്സിലാക്കാനാവുന്നത്. വർക്കിംഗ് ഗ്രൂപ്പുകളെ പ്രോജക്ട് രൂപീകരണവും നടത്തിപ്പുമായി ബന്ധപ്പെട്ട ചുമതലകൾ നിറവേറ്റുന്നതിന് പര്യാപ്തമാക്കേണ്ടതാണ്.

2. ജനപ്രതിധികളുടെ പദ്ധതി ആസൂത്രണ യോഗം:

പദ്ധതി ആസൂത്രണ ഗ്രാമസഭകളുടെ നടത്തിപ്പിന് കൃത്യമായ നിർദ്ദേശങ്ങൾ പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. ജില്ലാ ബ്ലോക്ക് ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ പങ്കെടുക്കേണ്ട ഗ്രാമസഭകൾക്ക് സമാനമായ പദ്ധതി ആസൂത്രണ യോഗത്തിൽ ആകെ 98 പേരാണ് പങ്കെടുത്തത്.വർക്കിംഗ് ഗ്രൂപ്പ് ജനറൽബോഡി യോഗം ചേർന്ന 28.05.2016 ന് ഉച്ചക്ക് ശേഷമാണ് നടന്നത് . യോഗത്തിൽ അടുത്ത വർഷത്തേക്ക് വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മറ്റികളും ചേർന്ന് തയ്യാറാക്കിയ കരട് പ്രോജക്ട് നിർദ്ദേശങ്ങളുടെ അവതരണം നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. മുൻവർഷത്തേയും തൻവർഷത്തേയും പദ്ധതി നിർവ്വഹണത്തെപ്പറ്റി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി യോഗത്തിൽ റിപ്പോർട്ട് ചെയ്തതായി കാണുന്നില്ല. കീഴ്ത്തട്ട് പഞ്ചായത്തുകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ മിനട്സിൽ രേഖപ്പെടുത്തിയിട്ടില്ല. സംയുക്ത പ്രോജക്ടുകളെപ്പറ്റി യോഗത്തിൽ ധാരണയാക്കാനുള്ള നിർദ്ദേശം

നടപ്പിലായിട്ടില്ല. നടപടിക്രമങ്ങളിൽ നിർദ്ദേശിക്കാത്ത ഉത്ഘാടനം പോലുള്ളവയ്ക്ക് സമയം ലഭിക്കുമ്പോൾ കരട് പദ്ധതി അവതരണം, അവതരണങ്ങളെ തുടർന്ന് പരിശോധനയിൽ അംഗീകരിക്കാത്ത പ്രോജക്ട് നിർദ്ദേശങ്ങൾ, ആയതിന്റ കാരണം, ഭേദഗതി നിർദ്ദേശിച്ചതിന്റെ വിവരം, പുതിയതായി നിർദ്ദേശിച്ചവ, പ്രതീക്ഷിത ചെലവ് എന്നിവ പരിശോധിക്കാൻ കഴിഞ്ഞോയെന്ന് വ്യക്തമല്ല.

3.പദ്ധതി വികസന സെമിനാർ

ജനപ്രതിധികളുടെ പദ്ധതി ആസൂത്രണ യോഗം അംഗീകരിച്ച പ്രോജക്ട് നിർദ്ദേശങ്ങൾ ഉൾപ്പെടുന്ന കരട് പദ്ധതി രേഖ ചർച്ച ചെയ്ത് വികസന കാഴ്ചപ്പാടിനും മുൻഗണനകൾക്കും അനുസൃതമാണോ പ്രോജക്ടുകൾ ഉൾപ്പെടുത്തിയതെന്ന് വികസന സെമിനാറിലാണ് പരിശോധിക്കപ്പെടുന്നത്. കരട് പദ്ധതി രേഖ അച്ചടിച്ച് വികസന സെമിനാറിൽ പങ്കെടുത്തവർക്ക് വിതരണം ചെയ്തതിന് രേഖയില്ല. പദ്ധതി ആസൂത്രണ ഗ്രാമസഭയുടെ അതേ കാര്യപരിപാടിയാണ് വികസന സെമിനാറിൽ പിന്തുരേണ്ടതെങ്കിലും ഉൽഘാടനത്തിനും ആശംസകൾക്കും കൂടുതൽ സമയം നൽകിയിരിക്കുന്നു. കരട് പദ്ധതി രേഖയുടെ അവതരണത്തെ തുടർന്ന് ഗ്രൂപ്പ് തിരിഞ്ഞുള്ള പരിശോധനയ്ക്ക് ശേഷമുള്ള നിർദ്ദേശങ്ങൾ, വികസന സെമിനാറിൽ അംഗീകരിച്ച അന്തിമപദ്ധതി രേഖ എന്നിവ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 04.06.2016 ലെ യോഗത്തിൽ വാർഷിക പദ്ധതി അംഗീകരിച്ചതായി രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ വാർഷിക പദ്ധതിയുടെ വിവരം മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. അച്ചടിച്ച വാർഷിക പദ്ധതി രേഖ പരിശോധിച്ചതിൽ പല പദ്ധതികളും ആസൂത്രണം ചെയ്യുമ്പോൾ പ്രവർത്തന കമ്മറ്റികൾ വിശദമായി വിശകലനം ചെയ്യാത്തത് നിർവ്വഹണ ഘട്ടത്തിൽ തിരിച്ചടിയാകുന്നുണ്ടെന്നും വ്യക്തമായ കാഴ്ചപ്പാട് ദീർഘവീക്ഷണവും അനിവാര്യമാണെന്നും സൂചിപ്പിക്കുന്നുണ്ട്.

വാർഷിക പദ്ധതി, അനുബന്ധ ഉപപദ്ധതികളുടെ, രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് പ്രവർത്തനങ്ങളിൽ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകളും, പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങളും പൂർണ്ണമായും പാലിക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതും പഞ്ചായത്ത് ഭരണ സമിതിയുടെ കൃത്യമായ മേൽനോട്ടമുണ്ടാവേണ്ടതുമാണ്.

## 3-2 ടെൻഡർ ഷെഡ്യൂൾ വില ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാകാത്തത്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഇ-ടെൻഡർ സമർപ്പിക്കുമ്പോൾ കരാറുകാരിൽ നിന്നും ഓൺലൈനായി നിരതദ്രവ്യവും ടെൻഡർ ഷെഡ്യൂൾ ഫീയും സ്വീകരിക്കുന്നതിനായി ജില്ലാ പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷനുകളിലെ എഞ്ചിനീയറിംഗ് തലവൻമാർക്ക് ബാങ്കിൽ സീറോ ബാലൻസ് എകൗണ്ട് തുടങ്ങാൻ 28.09.2013 ലെ ജി.ഒ.(എം എസ്) 318/2013/LSGD പ്രകാരം അനുമതി നൽകിയതാണ്. ചീഫ് എഞ്ചിനീയറുടെ 10.10.2013 ലെ DB1-7942/2013/CE/LSGD നമ്പർ സർക്കുലറിൽ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുടെ ബാങ്ക് എക്കൗണ്ടുകളുമായി ബന്ധിപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തുടങ്ങിയ ബാങ്ക് എക്കൗണ്ടിന്റെ വിശദാംശം ഇ-ടെൻഡർ നടപടികളുടെ നോഡൽ ഏജൻസിയായി അംഗീകരിച്ച കേരള സംസ്ഥാന ഐ.ടി മിഷന് കൈമാറാനും നിർദ്ദേശമുള്ളതാണ്.

` തിരൂർ ബ്ലോക്ക് പഞ്ചായത്തിൽ 2015-16മുതലാണ് പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഇ-ടെൻഡർ നടപടി സ്വീകരിക്കുന്നത്. ചീഫ് എഞ്ചിനീയറുടെ 12.12.2016ലെ DB1-7942/2016/CE/LSGD നമ്പർ സർക്കുലറിൽ ഐ.ടി മിഷനിൽ നിന്നുമുള്ള വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇ-ടെൻഡർ പൂർത്തികരിച്ച് എ.ഒ.സി അപ് ലോഡ് ചെയ്യുമ്പോൾ നിരതദ്രവ്യം ഓട്ടോമാറ്റിക്കായി ബിഡർമാരുടെ എക്കൗണ്ടിലേക്ക് തന്നെ തിരികെ പോകുന്നതുനാൽ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് കരാറുകാരിൽ നിന്നും നേരിട്ട് സ്വീകരിക്കുകയാണ് ചെയ്യുന്നത്.

പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഇ-ടെൻഡർ നടപടി സ്വീകരിച്ചതിലൂടെ ടെൻഡർ ഷെഡ്യൂൾ വിലയായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് എക്കൗണ്ടിൽ വരുന്ന തുക ബ്ലോക്ക് പഞ്ചായത്തിന് നാളിതുവരെ ലഭിച്ചിട്ടില്ല.

2015-16, 2016-17 വർഷത്തിൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ താഴെ കാണിച്ചവ ഇ-ടെൻഡർ ചെയ്തവയാണ്.

| ക്രമനമ്പർ | പ്രോജക്റ്റ് നമ്പർ,പേര് | അടങ്കൽ തുക ലക്ഷം രൂപ | കരാറുകാരുടെ എണ്ണം | ഫോറം വില (വി. നി ഒഴികെ) രൂപ |
|---|---|---|---|---|
| 1 | പെരുന്തിരുത്തി എസ് സി കോളനി റോഡ് | 5 | 2 | 2000 |
| 2 | 51/2016:ഗേൾസ് ഹൈസ്കൂൾ അയ്യപ്പൻവാവ് തോട് അഭിവൃദ്ധി | 5 | 4 | 4000 |
| 3 | ഇടിയാട്ടിൽ തോട് പാർശ്വഭിത്തി നിർമ്മാണം | 5 | 4 | 3000 |
| 4 | കഞ്ഞിക്കോട് ഡ്രൈനേജ് നിർമ്മാണം രണ്ടാം ഘട്ടം | 5 | 3 | 3000 |
| 5 | കല്ലൂർ കനാൽ റോഡ് മെറ്റലിംഗ്,ടാറിംഗ് | 5.11 | 6 | 6000 |
| 6 | കാവഞ്ചേരി ആനയൊഴുക്ക് പാലം റോഡ് റീടാറിംഗ് | 5 | 5 | 5000 |
| 7 | മുട്ടന്നൂർ ജുമാമസ്ജിദ് ഡ്രൈനേജ് നിർമ്മാണം | 5 | 4 | 4000 |
| 8 | മുട്ടന്നൂർ ഉണ്ടപ്പടി ലക്ഷം എസ് സി കോളനി ഭൂസംരക്ഷണം | 5.81 | 4 | 4648 |
| 9 | പടിഞ്ഞാറേക്കര ഗോൾമുഖം എസ് സി കോളനി ഭൂസംരക്ഷണം | 10 | 3 | 6000 |
| 10 | പടിയത്ത് പറമ്പ് തീണ്ടാപ്പടി റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 5 | 1 | 1000 |
| 11 | സൗത്ത് പല്ലാർ തെക്കൻ കുറ്റൂർ റോഡ് റീടാറിംഗ് | 5 | 5 | 5000 |
| 12 | കനാൽ പാലം പേരത്തറ ക്ഷേത്രം റോഡ് ഡ്രയിനേജ് | 5 | 2 | 2000 |
| 13 | തലക്കാട് പി എച്ച് സി റോഡ് മെറ്റലിംഗ്,ടാറിംഗ് രണ്ടാം ഘട്ടം | 5 | 3 | 3000 |

| | | | | |
|---|---|---|---|---|
| 14 | തിരുത്തി പല്ലാർ റോഡിന് സൈഡ് ഭിത്തികെട്ടൽ | 5 | 2 | 2000 |
| 15 | ട്രാൻസ്ഫോർമർ തൊട്ടിലങ്ങാടി റോഡ് റീടാറിംഗ് | 5 | 1 | 1000 |
| 16 | പരിശീലനകേന്ദ്രം നിർമ്മാണം- ആലത്തിയൂർ ICDS അഡീഷണൽ | 15 | 1 | 3000 |
| 17 | ബീരാഞ്ചിറ കാരാഞ്ഞൂർ റോഡ് | 5 | 2 | 2000 |
| 18 | നമ്പ്രം ഗ്രൗണ്ട് സൈഡ് ഭിത്തി നിർമ്മാണം | 10 | 1 | 2000 |
| 19 | 31/17: പുറത്തറ എസ് സി കോളനി കൾവർട്ട് നിർമ്മാണം | 13.8 | 4 | 20,000 ( GO(P) 03/15/Fin തീയതി 5.1.2015 പ്രകാരം 5000 രൂപ നിരക്കിൽ വാങ്ങി) |
| 20 | 32/17: പെരുഞ്ഞുരുത്തി എസ് സി കോളനി റോഡ് നിർമ്മാണം<br>റീടെൻഡർ | 8 | 2<br>4 | 3200<br>6400 |
| 21 | 36/17:ചെറിയ പറപ്പൂർ കായൽതോട് നിർമ്മാണം | 9.24 | 5 | 9240 |
| 22 | 40/17:കൂട്ടായി തമ്പുരാൻപടി ബീച്ച് റോഡ് അഭിവൃദ്ധിപ്പെടുത്തൽ<br>റീടെൻഡർ | 5.5 | 1<br>2 | 1100<br>2200 |
| 23 | 41/17: വനിത പരിശീലന ഹാൾ- ആലത്തിയൂർ CDPO ഓഫീസ്<br>റീടെൻഡർ | 5 | 2<br>3 | 2000<br>6000 |
| 24 | 42/17:തലക്കാട് CHC | 5 | 5 | 5000 |

| | | | | |
|---|---|---|---|---|
| | റോഡ് മെറ്റലിംഗ്,ടാറിംഗ് പൂർത്തീകരണം | | | |
| 25 | 45/17:കാട്ടായിൽ കാവളം തോട് സൈഡ്കെട്ടൽ | 5 | 4 | 4000 |
| 26 | 46/17:വാടിക്കൽ ബീച്ച് മൂന്നങ്ങാടി റോഡ് മെറ്റലിംഗ്,ടാറിംഗ് റീടെൻഡർ | 5 | 1<br>3 | 1000<br>3000 |
| 27 | 70/17:പുല്ലൂണി കാരാട് കടവ് റോഡ് മെറ്റലിംഗ്,ടാറിംഗ് | 5 | 4 | 4000 |
| 28 | 51/17:ആലത്തിയൂർ CDPO ഓഫീസ് ഗ്രിൽസ് ചുറ്റമതിൽ | 6.4 | 4 | 5120 |
| 29 | 37/17:പങ്ങാര പടുന്ന തോടിന് വി സി ബി നിർമ്മാണം(റീടെൻഡർ) | 8.8 | 1 | 1760 |
| 30 | പഴക്കുളം എടക്കഴിതോട് കനാൽ നിർമ്മാണം(റീടെൻഡർ) | 6 | 1 | 1200 |
| 31 | തിരുത്തമ്മൽ കോളനി കുളം നിർമ്മാണം(റീടെൻഡർ) | 9.8 | 1 | 1960 |
| 32 | അഴകത്ത് എസ് സി കോളനി കുളം നവീകരണം(റീടെൻഡർ) | 5 | 1 | 1000 |

ടെൻഡർ ഫോറത്തിന്റെ വിൽപ്പന വിലയിൽ വാറ്റ് ഉൾപ്പെടുത്താതെയുള്ള തുകയാണ് മേൽകാണിച്ചത്. സർക്കാർ നിർദ്ദേശമനസരിച്ച് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എക്കൗണ്ടിലേക്ക് 2015-16 മുതൽ ഓൺലൈനായി വന്നതും ബ്ലോക്ക് പഞ്ചായത്തിന് ലഭക്കേണ്ടതുമായ തുക തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതും അതോടൊപ്പമുള്ള നികുതി വിഹിതം കണക്കാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

## 3-3 മരുന്നുകൾ ലഭിച്ചിട്ടില്ല

1) പ്രോജക്ട്.നം :S0058/17

അടങ്കൽ :10,40,965/-മെയിൻറൻസ് ഫണ്ട്(റോഡിതരം)

ചെലവ് :10,40,965

നിർവ്വഹണ ഉദ്യോഗസ്ഥൻ:മെഡിക്കൽ ഓഫീസർ(സി.എച്ച്.സി.വെട്ടം)

ബിൽ നം.06/16-17തീയതി:15.2.2017 :10,30,481/-

ബിൽനം.11/16-17തീയതി:31.3.2017:10484/-

i. പുറത്തൂർ,വെട്ടം സി.എച്ച്.സികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽസർവീസ് കോർപ്പറേഷന് 10,40,965/-രൂപ മുൻകൂർ നല്കിയിട്ടുണ്ട്.എന്നാൽ മരുന്നുകൾ ലഭിച്ചതിൻെറ വിവരം, സ്റ്റോക്കിലെടുത്തതിൻെറ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ii.ജി.ഒ.(എം.എസ്)4/2016ത.സ്വ.ഭ.വ തീയതി11.1.2016പ്രകാരം തദ്ദേശ ഭരണ സ്ഥാപനത്തിന് മരുന്നുകൾവാങ്ങി ആരോഗ്യസ്ഥാപനത്തിൻെറ മരുന്ന വിതരണത്തിൻെറ കാര്യക്ഷമത ഉറപ്പു വരുത്താവുന്നതാണ്. എന്നാൽ മരുന്ന് വാങ്ങുന്നതിന് മുമ്പ് ജില്ലാ മെഡിക്കൽ ഓഫീസറില നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിച്ചിരിക്കണം.പ്രസ്തുത പ്രോജക്ടിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ ഓഡിറ്റ് എൻക്വയറി (നം.5/24.11.2017)പ്രകാരം അറിയിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 10,40,965/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റിയാലുടൻ അപാകത പരിഹരിച്ച് ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്. ഇത്തരം വിഷയങ്ങളിൽ ഭരണസമിതിയുടെ നിർബന്ധിത ഇടപെടലും പരിശോധനയും ഉണ്ടാകേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-4 പുറത്തൂർ,വെട്ടം സി.എച്ച്.സികളിലെ ലാബുകളിലേക്ക് റീ-ഏജൻറസ്,കെമിക്കൽസ് വാങ്ങൽ-അപാകതകൾ

പ്രോജക്ട്.നം :S0060/17

അടങ്കൽ :3,00,000/-മെയിൻറൻസ് ഫണ്ട്(റോഡിതരം)

ചെലവ് :3,00,000/-

ബിൽ നം.09/16-17തീയതി:07.3.2017 :3,00,000/-

i.പുറത്തൂർ,വെട്ടംസി.എച്ച.സികളിലെ ലാബുകളിലേക്ക് റീ- ഏജൻറസ്,കെമിക്കൽസ് വാങ്ങുന്നതിന് Surgilinkതൃശ്ശൂർ എന്ന സ്ഥാപനത്തിന്ക്വട്ടേഷൻനല്കിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ഇൻവോയിസ് പ്രകാരമുള്ള റീ- ഏജൻറസ്, കെമിക്കൽസ് ലഭിച്ചതായി രേഖയുണ്ടങ്കിലും ആയത് സ്റ്റോക്കിലെടുത്ത്, ബന്ധപ്പെട്ട ലാബുകളിലേക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക്, വിതരണ രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 288915/- രൂപ തടസ്സം ചെയ്യുന്നു.

| ക്രമ.നം. | ഇൻവോയിസ് നം& തീയതി | തുക |
|---|---|---|
| 1 | B002058/28.12.2016 | 19640 |
| 2 | B002098/20.2.2017 | 1,83,736 |
| 3 | B002099/20.2.2017 | 7895 |
| 4 | B002100/202.2017 | 73020 |
| 5 | B002101/20.2.2017 | 4624 |
| | ആകെ | 2,88,915 |

2,88,915/-രൂപയുടെ കെമിക്കൽസ് സ്റ്റോക്കിലെടുത്തതിൻെറ വിവരം ലഭ്യമാക്കിയിട്ടില്ല.

ii. ബാക്കിയുള്ള 11,085/- രൂപയുടെറ റീ-ഏജൻറസ്,കെമിക്കൽസ് ലഭിച്ചതിൻെറ ഔദ്യോഗിക രേഖകൾ പരിശോധനക്ക് ലഭിച്ചിട്ടില്ല.

പ്രസ്തുത അപാകത ഓഡിറ്റ് എൻക്വയറി(നം.5/24.11.2017പ്രകാരം അറിയിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 3,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-5 പുറത്തൂർ സി.എച്ച്.സിക്ക് സോളാർപാനൽ-അപാകതകൾ

പ്രോജക്ട്.നം :S0078/17

അടങ്കൽ :10,00,000/-മെയിൻറൻസ് ഫണ്ട്(റോഡിതരം)

ചെലവ് :10,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ:മെഡിക്കൽ ഓഫീസർ(സി.എച്ച.സി.വെട്ടം)

ബിൽ നം.07/16-17തീയതി:31.3.2017 :10,00,000/-

പുറത്തൂർ സി.എച്ച.സിക്ക് സോളാർപാനൽ സ്ഥാപിക്കുന്നതിന് UNITED ELECTRICAL Industries Ltd,കൊല്ലം എന്ന സ്ഥാപനത്തിന് 10,00,000/-രൂപ നല്കിയിട്ടുണ്ട്.പ്രസ്തുത പ്രോജക്ട് പ്രകാരമുള്ള ഭൗതിക നേട്ടം വൈദ്യുതിക്ക് പകരം സംവിധാനമാണ്. സോളാർ പാനൽസ്ഥാപിച്ചതിനു ശേഷമുള്ള വൈദ്യുത ഉപഭോഗം സംബന്ധിച്ച റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത അപാകത ഓഡിറ്റ് എൻക്വയറി(നം.5/24.11.2017)പ്രകാരം അറിയിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 10,00,000/-രൂപ ഓഡിറ്റിൽതടസ്സം ചെയ്യുന്നു.

## 3-6 വെട്ടം സി.എച്ച.സിയിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ,ഇൻസിനേറ്റർ നന്നാക്കൽ-അപാകതകൾ

1.പ്രോജക്ട്.നം :S0061/17

അടങ്കൽ :1,00,000/-മെയിൻറൻസ് ഫണ്ട്(റോഡിതരം)

ചെലവ് :99,716/-

നിർവ്വഹണ ഉദ്യോഗസ്ഥൻ:മെഡിക്കൽ ഓഫീസർ(സി.എച്ച.സി.വെട്ടം)

ബിൽ നം.07/16-17തീയതി:07.3.2017 :99,716/-

വെട്ടം സി.എച്ച്.സിയിലേക്ക് ഫർണ്ണിച്ചർ വാങ്ങുന്നതിന് WOODLAND ഫർണ്ണിച്ചർ എന്ന സ്ഥാപനത്തിന് 54,216/-രൂപ (ഇൻവോയിസ് നം.281/15.2.2017) നല്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഫർണ്ണീച്ചറുകൾ സ്റ്റോക്കിലെടുത്തതിൻെറ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. വെട്ടം സി.എച്ച്,സിയിലെ ഇൻസിനേറ്റർ നന്നാക്കുക/പരിപാലിക്കുക എന്ന പ്രോജക്ട് പ്രകാരം(പ്രോ.നംS0063/2017) STEEL TECH CORT,Solutions, ചേലമ്പ്ര എന്നസ്ഥാപനത്തിന് 69,746/-രൂപ(ബിൽനം.05/16-17തീയതി :15.2.2017) നല്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉപകരണം പ്രവർത്തനക്ഷമമാക്കിയതിൻെറ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത അപാകതകൾ ഓഡിറ്റ് എന്ക്വയറി(നം.5/24.11.2017)പ്രകാരം അറിയിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതുവരെ മേൽ പറഞ്ഞ രണ്ട് പ്രൊജക്ടുകളിലായി ചെലവഴിച്ച 1,23,962/- രൂപ (54216+69746) ഓഡിറ്റിൽതടസ്സം ചെയ്യുന്നു.

## 3-7 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്-രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

| |
|---|
| പ്രോജക്ട് നം.S0066/2017 |
| അടങ്കൽ :800,000/-(വികസന ഫണ്ട് SCP) |

| |
|---|
| ചെലവ് :1,25,000/- |
| നിർവ്വഹണഉദ്യോഗസ്ഥൻ:മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.വെട്ടം) |

ബിൽനം.08/16-17 :തീയതി:31.3.2017 :1,25,000/-

പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് 25,000/-രൂപ വീതം 5 കുട്ടകൾക്ക് 1,25,000-രൂപ നലികിയിട്ടുണ്ട്.

അപാകത

ഹരിണ്യ .പി.,സിവിൽ എഞ്ചീനിയറിംഗ്(റോയൽകോളേജ്,തൃശ്ശൂർ) എന്ന വിദ്യാർത്ഥിക്ക് തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്തിൽ നിന്നും ധന സഹായം ലഭിച്ചിട്ടില്ലഎന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ടി വിദ്യാർത്ഥിക്ക് നല്കിയ 25,000/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-8 .എസ്.സി.വിദ്യാർത്ഥികൾക്ക് പ്രീ-റിക്രൂട്ടമെൻറ് ട്രെയിനിംഗ്,പട്ടിക ജാതി യുവതീയുവാക്കൾക്ക് സെക്യൂരിറ്റി സ്റ്റാഫ് ട്രെയിനിംഗ്-ജോലി ലഭിച്ചതിൻെറ ല രേഖകൾ ലഭ്യമാക്കിയില്ല

| |
|---|
| പ്രോജക്ട് നം.S009/17 |
| അടങ്കൽ :9,00,000/-(വികസന ഫണ്ട് SCP) |
| :71,000 (ഗുണഭോക്തൃ വിഹിതം) |
| :8,04,000/-(ജില്ലാ പഞ്ചായത്ത് വിഹിതം) |
| ആകെ :17,75,000/- |
| ചെലവ് :5,52,000(SCP) |
| :46000(ഗുണഭോക്തൃവിഹിതം) |
| ആകെ :5,98,000/- |
| നിർവ്വഹണഉദ്യോഗസ്ഥൻ:പട്ടികജാതി വികസന ഓഫീസർ |

ബിൽനം.1/16-17 :തീയതി :14.2.2017 :1,38,000/-

ബിൽ നം.05/16-17:തീയതി:21.3.2017 :4,14,000/-

ബ്ലോക്ക് ഭരണസമിതിയുടെ 4.6.2016 ലെ 1-ാം നമ്പർ തീരുമാന പ്രകാരം പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈനിക പരിശീലനത്തിന് അപേക്ഷ ക്ഷണിക്കുകയും 29.12.2016ന് നടന്ന കൂടികാഴ്ചയിൽ 34പേരേ പങ്കെടുക്കുകയും ആയതിൽ നിന്ന്23പേരുടെ ലിസ്റ്റ് തയ്യാറാക്കി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക് ഗ്രാമസഭയിൽ അംഗീകരിക്കുന്നതിന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

പ്രീ-റിക്രൂട്ട്മെൻറ് ട്രെയിനിംഗ് സെൻറർ (PRTC) കോഴിക്കോട്എന്ന സ്ഥാപനത്തിനെ ചുമതലപ്പെടുത്തുകയും ടി സ്ഥാപനവുമായി കരാറിലേർപ്പെടുകയും ചെയ്തു.സ.ഉ.നം.4053/05/തസ്വഭവ.തീയതി:4.10.2005 പ്രകാരം ധാരണാപത്രം ഒപ്പുവെയ്ക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തുകയുടെ 25%,പരിശീലനം പകുതിയാകുമ്പോൾ 50%,പരിശീലനം പൂർത്തിയാകുമ്പോൾ 50%എന്നതോതിൽ ഫീസ് നല്കാനും വ്യവസ്ഥചെയ്തു.21.12.2015 ലെ സർക്കാർ ഉത്തരവ് നം3826/15/തസ്വഭവ പ്രകാരം രണ്ടുമാസത്തെ പരിശീലനത്തിന് ഭക്ഷണം,താമസം,എന്നിവയടക്കം ഒരു ഉദ്യോഗാർത്ഥിക്ക് 25,000/-രൂപയാണ്.ആയതില് 1000/-രൂപ ഗുണഭോക്തൃവിഹിതമായി ഉദ്യോഗാർത്ഥി നേരിട്ട്PRTCയിൽ അടയ്ക്കേണ്ടതും ബാക്കി 24,000/-രൂപ സബ്സിഡിയായി ബ്ലോക്ക്പഞ്ചായത്ത് നല്കേണ്ടതുമാണ്.

പരിശീലനത്തിനുശേഷം ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിച്ചതിൻെറ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.പ്രസ്തുത അപാകത ഓഡിറ്റ് എൻക്വയറി നം.4/23.11.2017 പ്രകാരം അറിയിച്ചിട്ടുണ്ട്.മറുപടി ലഭ്യമാക്കിയിട്ടില്ല.

II.<u>പട്ടിക ജാതി യുവതീയുവാക്കൾക്ക് സെക്യൂരിറ്റി സ്റ്റാഫ് ട്രെയിനിംഗ്</u>

| |
|---|
| പ്രോജക്ട് നം.S0080/17 |
| അടങ്കൽ :3,00,000/-(വികസന ഫണ്ട് SCP) |
| :23,000 (ഗുണഭോക്തൃ വിഹിതം) |
| :2,52,000/-(ജില്ലാ പഞ്ചായത്ത് വിഹിതം) |
| ആകെ :5,75,000/- |
| ചെലവ് :1,44,000/-(SCP) |
| :12,000/-(ഗുണഭോക്തൃവിഹിതം) |
| ആകെ :1,56,000/- |
| നിർവ്വഹണഉദ്യോഗസ്ഥൻ:പട്ടികജാതി വികസന ഓഫീസർ |

തിരുനാവായ, പുറത്തൂർ, മംഗലം എന്നീ പഞ്ചായത്തുകളിൽ നിന്നായി 6പേർ കോഴിക്കോട് IRTC യിലെ ട്രെയിനിംഗിൽ പങ്കെടുത്തു. 21.12.2015 ലെ സർക്കാർ ഉത്തരവ് നം3826/15/തസ്വഭവ പ്രകാരം രണ്ടുമാസത്തെ പരിശീലനത്തിന് ഭക്ഷണം,താമസം,എന്നിവയടക്കം ഒരു ഉദ്യോഗാർത്ഥിക്ക് 25,000/-രൂപയാണ്.ആയതില് 1000/-രൂപ ഗുണഭോക്തൃവിഹിതമായി ഉദ്യോഗാർത്ഥി നേരിട്ട്PRTCയിൽ അടയ്ക്കേണ്ടതും ബാക്കി 24,000/-രൂപ സബ്സിഡിയായി ബ്ലോക്ക്പഞ്ചായത്ത് നല്കേണ്ടതുമാണ്.

പരിശീലനത്തിനുശേഷം ഉദ്യോഗാർത്ഥികൾക്കാർക്കും തന്നെ ജോലി ലഭിച്ചതായി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയോ നിർവ്വഹണ ഉദ്യോഗസ്ഥനോ സത്യവാങ്മൂലം നൽകിയതായി കാണുന്നില്ല.

## **3-9** <u>പട്ടിക ജാതി യുവാവിന് വിദേശത്ത് പോകുന്നതിന് ധനസഹായം അനുവദിച്ചത് ക്രമ പ്രകാരമല്ല</u>

| |
|---|
| പ്രോജക്ട് നം.S0079/2017 |

| |
|---|
| അടങ്കൽ :3,00,215 (SCP) |
| :49,785(തനതു ഫണ്ട്) |
| ആകെ :3,50,000/- |
| ചെലവ് :1,50,000/-(SCP) |
| നിർവ്വഹണഉദ്യോഗസ്ഥൻ:പട്ടിക ജാതി വികസന<br>ഓഫീസർ |

ബിൽനം.07/16-17 :തീയതി :31.3.2017 :1,50,000/-

പ്രസ്തുതപ്രോജക്ട പ്രകാരം വിദേശത്ത് തൊഴിൽ നേടുന്നതിന് 3പേർക്ക് 50,000/-രൂപ അനുവദിച്ചിട്ടുണ്ട്.സബ്സിഡി മാർഗ്ഗരേഖ പ്രകാരം വിദേശത്ത് തൊഴിൽനേടുന്നതിനാണ് ധനസഹായം നല്കാവുന്നത്.എന്നാൽ നിവാസ്.എ.പി. എന്നവർക്ക് സൗദി അറേബ്യ സന്ദർശിക്കുന്നതിന് ധന സഹായംനല്കിയിട്ടുണ്ട്.(വിസയുടെ കാലാവധി 90ദിവസമാണ്).ടിയാൾ വിദേശത്ത് തൊഴിൽനേടുന്നതിനാണ് പോയതെന്ന് നിർവ്വഹണഉദ്യോഗസ്ഥൻ ഉറപ്പു വരുത്തിയിട്ടില്ല.

മേല്പറഞ്ഞ അപാകത ഓഡിറ്റ് എൻക്വയറി(നം.4/23.11.2017) പ്രകാരം അറിയിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവു തുക 50,000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-10 വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് വിവിധ പ്രൊജക്ടുകളിലായി ചുവടെ കൊടുത്തിരിക്കും പ്രകാരം ബ്ളോക്ക് വിഹിതം നൽകിയിട്ടുണ്ട്.

| പ്രൊജക്ട് / നമ്പർ | നൽകിയ തുക | ട്രഷറി ബിൽ നമ്പർ / തീയതി |
|---|---|---|
| ഭിന്ന ശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്, SOO3/17 | 12,00,375 | 5/26-11-16,29/23-3-17 |
| പരിരക്ഷാ രോഗികൾക്ക് മരുന്ന്, SOO5/17 | 10,00,375 | 4/26-11-16, 20/30-1-17 |
| ആകെ = | 22,00,750 | |

ഈ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റിയാലുടൻ തന്നെ തുകകളുടെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്. ചെലവ് തുക, 22,00,750 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ആയതിൽ വീഴ്ചയുണ്ടായാൽ തടസ്സപ്പെടുത്തിയ തുക നിരാകരിച്ച് ഉത്തരവാദിയിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതായിരിക്കും.

## 3-11 ശിശു വികസന പദ്ധതി ഓഫീസർ നടപ്പിലാക്കിയ പ്രൊജക്ടുകൾ - വിശദ വിവരങ്ങൾ ലഭ്യമല്ല

CDPOനിർവ്വഹണ ഉദ്യോഗസ്ഥയായി ചുവടെ കൊടുത്തിരിക്കുന്ന പ്രൊജക്ടുകൾ പ്രകാരം 2016-17 വർഷത്തിൽ വികസന ഫണ്ടിൽ നിന്നും തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ/തീയതി | ചെലവഴിച്ച തുക | Try. Bill No/Date | ഏജൻസി | ബിൽ നമ്പർ/lതീയതി |
|---|---|---|---|---|---|
| 1 | ഭിന്ന ശേഷിയുള്ളവർക്ക് സ്പീച്ച് തെറാപ്പി ഉപകരണങ്ങൾ, | 3,49,720 | 2/16-17, 29-3-17 | Kerala State Handicapped Persons Welfare | 984/B2 /2014/HPWC, 20-3-17 |

| | | | | | |
|---|---|---|---|---|---|
| | SOO76/17 | | | Corporations Ltd, Tvm | |
| 2 | വെട്ടം ശാന്തി സ്പെഷൽ സ്കൂളിന് ഫർണിച്ചർ, SOO71/17 | 4,50,000 | 3/16-17, 29-3-17 | FG Electronics, കൊണ്ടോട്ടി | 4/29-3-17 |

എ) മേൽ തുകകളിൽ ക്രമ നമ്പർ (1) പ്രകാരമുള്ള 3,49,720 രൂപ ചെലവഴിച്ച് തിരൂർ ബി.ആർ.സി.യിലേക്ക് 32 ഇനം ഉപകരണങ്ങളും ക്രമ നമ്പർ (2) പ്രകാരമുള്ള 4,50,000 രൂപ ചെലവഴിച്ച് വെട്ടം ശാന്തി സ്പെഷൽ സ്കൂളിലേക്ക് ഒരു പേപ്പർ കപ്പ് നിർമ്മാണ യൂണിറ്റും വാങ്ങിയിട്ടുണ്ട്. ടി വസ്തുക്കൾ സ്റ്റോക്കിലെടുത്തതിന്റെയും മേൽ സ്ഥാപനങ്ങൾക്ക് കൈമാറിയതിന്റെയും വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

(ബി) വെട്ടം ശാന്തി സ്പെഷൽ സ്കൂളിലേക്കായി വാങ്ങിയ പേപ്പർ കപ്പ് നിർമ്മാണ യൂണിറ്റിന്റെ ഉപയോഗം സംബന്ധിച്ച നിലവിലുള്ള അവസ്ഥ അറിയിക്കേണ്ടതാണ്.

(സി) BRCയിലെ Block Programme Officer സാക്ഷ്യപ്പെടുത്തിയ Acceptance Certificate പരിശോധിച്ചതിൽ മേൽ പരാമർശിച്ച പ്രകാരം BRCയിലേക്ക് വാങ്ങിയ 32 ഉപകരണങ്ങളിൽ Therapy table, Rocking arch, Balance Board എന്നിവ അവർക്ക് ലഭ്യമായതായി കാണുന്നില്ല. ടി ഉപകരണങ്ങൾ പിന്നീട് ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതും ഉണ്ടെങ്കിൽ ആയതിന്റെ Stock – issue വിവരങ്ങൾ ഹാജരാക്കേണ്ടതുമാണ്. ഇതുവരെ ലഭ്യമായിട്ടില്ലെങ്കിൽ ആയതിന്റെ തുക ( 11830+2800+2800രൂപ) ടി സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

II. “ഷീ പാഡ് -വനിതാ വികസന കോർപ്പറേഷന് നിക്ഷേപം" എന്ന പ്രൊജക്ട് പ്രകാരം തൻ വർഷത്തിൽ 6,20,896 രൂപ വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച് ടി സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്(Try. Bill No/Date: 1/16-17, 15-12-16, DD No/Date: 464204/26-12-16). ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, GVHSS, BP അങ്ങാടി, GVHSS, പറവണ്ണ, GHSS പുറത്തൂർ എന്നീ സ്കൂളുകളിലേക്കായി യഥാക്രമം 49500, 10,500, 23,100 എണ്ണം നാപ്കിനുകൾ അയച്ചു കൊടുക്കാൻ 4-2-17 തീയതിയിലെ 438/16 നമ്പർ കത്ത് പ്രകാരം CDPO സംസ്ഥാന വനിതാ വികസന കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവ ടി സ്കൂളുകൾക്ക് ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

കൂടാതെ, സ.ഉ.(സാധാ)നം. 280/16/LSGD, തീ: 25-1-16 പ്രകാരം മേൽ പ്രൊജക്ടിനായി വനിതാ വികസന കോർപ്പറേഷനിൽ പ്രൊജക്ട് കോസ്റ്റിന്റെ 50% മുൻകൂറായും ബാക്കി 50% Utilisation Certificate ലഭിച്ചതിന് ശേഷവും നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രൊജക്ട് പ്രകാരമുള്ള മുഴുവൻ തുകയും വനിതാ വികസന കോർപ്പറേഷന് കൈമാറുകയാണ് ചെയ്തിട്ടുള്ളതെന്ന് കാണുന്നു. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

മേൽ വിവരങ്ങളുടെ അഭാവത്തിൽ ആകെ ചെലവ് തുക 14,20,616 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു (ആയത് സംബന്ധിച്ച് സംബന്ധിച്ച് പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല).

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| ക്രമ.നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം. | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് മുതൽ | പലിശ | വർഷാവ സാനത്തിൽ ബാക്കി |
|---|---|---|---|---|---|---|---|
| 1. | IAYloan | Hl/LSG /IAY/HOUSING /13-14 dtd.18.1.2014 | 58,10,000 | 4487 | | 4487 | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 33 | 1999-2000 | | യൂണിഫോം തുണി നൽകൽ അപാകതകൾ 152122/- രൂപ | പരാമർശം നിലനിൽക്കുന്നു. |
| 2005-06 | 2-6 | 2008-09 | | ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് ബോട്ടുകൾ വാങ്ങിയത്- ഉപയോഗ ശൂന്യം | പരാമർശം നിലനിൽക്കുന്നു. |
| 2005-06 | 2-7 | 2008-09 | | എസ്.എച്ച്. ജില്ലകൾക്ക് ധനസഹായം നൽകിയത്- ദുരുപയോഗം | പരാമർശം നിലനിൽക്കുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2016-17 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 119266130 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 74108529 |
| വരവിനങ്ങളിലുള്ള നഷ്ടം | 29,460/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 50,000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 61,11,293 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം :

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 29,460 | | എസ്.സെയ്ഫുദ്ദീൻ<br>സെക്രട്ടറി,ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3-9 | | 50,000 | സി.വേലായുധൻ<br>പട്ടികജാതി വികസനഓഫീസർ |
| ആകെ | 29,460 | 50,000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 10,40,965 | ഡോ.സി.മുജീബ് റഹ്മാൻ<br>മെഡിക്കൽ ഓഫീസർ |
| 3-4 | 3,00,000 | ഡോ.സി.മുജീബ് റഹ്മാൻ<br>മെഡിക്കൽ ഓപീസർ |
| 3-5 | 10,00,000 | ഡോ.മുജീബ് റഹ്മാൻ<br>മെഡിക്കൽ ഓഫീസർ |
| 3-6 | 1,23,962 | ഡോ.മുജീബാ റഹ്മാൻ<br>മെഡിക്കൽ ഓഫീസർ |
| 3-7 | 25,000 | സി.വേലായുധൻ<br>പട്ടികജാതി വികസന ഓഫീസർ |
| 3-10 | 22,00,750 | എസ്.സെയ്ഫുദ്ദീൻ<br>സെക്രട്ടറി |
| 3-11 | 14,20,616 | ജയഭാരതി.വി.<br>ശിശുവികസന ഓഫീസർ |
| ആകെ | 61,11,293 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ :

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | മേൽവിലാസം | |
| എസ്.സെയ്യദ്ദീൻ,സെക്രട്ടറി | ലഭ്യമല്ല | മാക്കിയ,എടരിക്കോട്,തിരൂർറോഡ്676501 |
| സി.വേലായുധൻ,പട്ടികജാതി വികസനഓഫീസർ | പട്ടികജാതി വികസനഓഫീസർ,തിരൂർ ബ്ലോക്ക് | മാമ്പറ്റം(H) മുതലമാട്(പി.ഒ) പാലക്കാട്-678507 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | എൽ.എഫ്.എം. 4/3373(7)/14 തിയ്യതി 20-07-2015 | 15 |
| 05-06 | എൽ.എഫ്.എം. 4/3373(8)/14 തിയ്യതി 20-07-2015 | 6 |
| 06-07 | എൽ.എഫ്.എം. 4/3373(9)/14 തിയ്യതി 20-07-2015 | 3 |
| 07-08 | എൽ.എഫ്.എം. 4/3373(10)/14 തിയ്യതി 20-07-2015 | 15 |
| 08-09 | എൽ.എഫ്.എം. 4/3373(11)/14 തിയ്യതി 20-07-2015 | 7 |
| 09-10 | എൽ.എഫ്.എം. 4/3373(12)/14 തിയ്യതി 20-07-2015 | 6 |
| 10-11 | എൽ.എഫ്.എം. 4/3373(13)/14 തിയ്യതി 20-07-2015 | 9 |
| 11-12,12-13 | എൽ.എഫ്.എം. 4/3373(14)/14 തിയ്യതി 20-07-2015 | 10 |
| 13-14 | എൽ. എഫ്. എം.4/2487/ 2014 തിയ്യതിഃ 28.10.2014 | 9 |
| 14-15 | നം.കെ.എസ്.എ.എം.പി.എം.4/2532/15 തിയ്യതിഃ17-11-2015 | 12 |
| 15-16 | നം.കെ.എസ്.എ.എം.പി.എം.4 | 25 |

കുറിപ്പ്:തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങളിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിന് ഭരണസമിതിയുടെ ത്വരിതഗതിയിലുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ് മലപ്പുറം

# **Annexure 1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.എം.പി.എം.4/2533/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

തീയതി: 05/12/2017

1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ4-ം വകുപ്പ്, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ 215-ം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾഅവലംബിച്ചും മലപ്പുറം ജില്ലയിലെ തിരൂർ ബ്ളോക്ക് പഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരൂർ ബ്ളോക്ക്പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയരക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം

# Annexure 2

# AUDIT CERTIFICATE

No.KSA/MPM.4/2533/17

Kerala State Audit Department

District Office, Malappuram

E-mail:dompm.ksad@kerala.gov.in

Dated : 05/12/2017

Certified that I have audited the Annual Financial Statement of Tirur Block Panchayat in Malappuram District for the year 2016-17 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj institutions.

In my opinion, the financial statements of Tirur Block Panchayat for the year 2016-17except the observations in my audit report properly presents the picture of income and expenditure.

SENIOR DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT
MALAPPURAM